(3) വൈകിക്കിട്ടിയ ഉത്തരങ്ങൾ

കുറ്റകൃത്യങ്ങളിലെ സാമൂഹിക-സാമുദായിക ഘടകങ്ങളെക്കുറിച്ച് പഠനം

91 [1622] *ശ്രീ. ഉമേഷ് ചള്ളിയിൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടാകുന്ന കുറ്റകൃത്യങ്ങളിൽ സാമുദായികവും, സാമൂഹികവുമായ ഘടകങ്ങൾക്കുള്ള പങ്കിനെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) കഴിഞ്ഞ നാലുവർഷക്കാലയളവിൽ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട് പോലീസ് കേസെടുത്ത കുറ്റവാളികളുടെ ജാതി തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ഇവരിൽ അന്വേഷണത്തിനുശേഷം കേസിൽ നിന്ന് ഒഴിവാക്കപ്പെട്ടവർ, അപ്പീലിൽ ഒഴിവാക്കപ്പെട്ടവർ, കോടതിയിൽ നിന്നും ശിക്ഷിക്കപ്പെടാതെ പോയവർ എന്നിവരുടെ ജാതി തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട സാമുദായിക ഘടകങ്ങളെക്കുറിച്ച് വിശദമായ പഠനം നടത്തി ആവശ്യമെങ്കിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഇല്ല. കുറ്റകൃത്യങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നത് നാഷണൽ ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ചാണ്. അതിൽ ജാതി/സാമുദായികാടിസ്ഥാനത്തിലുള്ള പഠനം നടത്തുന്ന കാര്യം സൂചിപ്പിച്ചിട്ടില്ല.

(ബി) ഉത്തരം 'എ' യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(സി) ജാതി തിരിച്ചുള്ള കണക്കുകൾ എടുത്തിട്ടില്ല.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

കേരള ജയിൽ സബോർഡിനേറ്റ് സർവ്വീസ് റൂൾസ് ഭേദഗതി നടപടിയും നിയമനങ്ങളും

92 [1624] *ശ്രീ. പിരപ്പൻകോട് മുരളി :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1997-ൽ ആരംഭിച്ച കേരള ജയിൽ സബോർഡിനേറ്റ് സർവ്വീസ് റൂൾസ് ഭേദഗതി നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ്. ഇതിൽ കാലതാമസം വന്നിട്ടുണ്ടോ; ഈ നടപടി എപ്പോൾ പൂർത്തിയാകും എന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly